ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) പാൽ വിതരണകേന്ദ്രങ്ങൾ 674.
അരി വിതരണകേന്ദ്രങ്ങൾ 558.

(ബി) പാൽപ്പൊടി 3,52,050 പൗണ്ട്;
അരി 126 ടൺ, 1358 പൗണ്ട്.

(സി) കൺവീനർ, അസിസ്റ്റൻറ് കൺവീനർ, പബ്ലിക് ഹെൽത്ത് ഡിപ്പാർട്ടുമെൻറിലെ മറ്റ് ഉദ്യോഗസ്ഥന്മാരും.

(ഡി) 1953-54 വർഷത്തിൽ 20,815 രൂപ, 14 അണ ചെലവായി.

പുതിയ ആശുപത്രികൾ.

* 588. [46] ശ്രീ. പ്രാക്കുളം മാസി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ ആശുപത്രികൾ ആരംഭിക്കുന്നതു സംബന്ധിച്ചു ഇപ്പോഴുള്ള വ്യവസ്ഥകൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിയുക്തമായിട്ടുള്ള ഡാക്ടർ ഇ. കെ. മാധവൻ ചെയർമാനായിട്ടുള്ള കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ശുപാർശകൾ എന്തെല്ലാമാണ്; കമ്മിറ്റിയുടെ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഈ സാമ്പത്തികവർഷത്തിൽ എത്ര ആശുപത്രികൾ സ്ഥാപിക്കണമെന്നാണ് നിശ്ചയിച്ചിരിക്കുന്നത്?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) പ്രസ്തുത റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ബി) † കമ്മിറ്റിയുടെ ശുപാർശകൾ അടങ്ങിയ ഒരു സ്റ്റേറ്റുമെൻറ് മേശപ്പുറത്തു വച്ചിട്ടുണ്ട്. റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുന്ന കാര്യം ഗവണ്മെൻറിന്റെ ആലോചനയിലിരിക്കുന്നു.

(സി) ഒന്നും ഇല്ല

ലിഫ്റ്റ് ഇറിഗേഷൻ.

* 589. [49] ശ്രീ. ടി. ഒ. ബാവ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ഗവണ്മെൻറ് നേരിട്ടു നടത്തുന്ന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളിൽ ശരാശരി ഒരേക്കറിന് എത്രവീതം ചെലവു വരുന്നുണ്ട്;

(ബി) ഗവണ്മെൻറ് നടത്തുന്ന ലിഫ്റ്റ് ഇറിഗേഷൻ ഉപയോഗിക്കുന്ന കൃഷിക്കാർക്ക് ഒരേക്കറിന് എത്രവീതം വെള്ളക്കരം ചുമത്തുന്നുണ്ട്;

(സി) സഹകരണസംഘങ്ങൾ നടത്തുന്ന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്ക് എന്തെങ്കിലും ആനുകൂല്യം നൽകുന്നുണ്ടോ;

† Please see Appendix No. VII.

LIBRARY ARCHIVES Kerala Legislative Assembly

APPENDIX No. VII.

*[Please see answer to Part (b) of Question No. * 588(46)]*

(എ I.) ഒരു സ്ഥലത്തു ഒരു ഡിസ്പെൻസറി അനുവദിക്കുന്നതിൽ ഏറ്റവും അടുത്തുള്ള ഗവണ്മെൻറ്വക ആധുനികവൈദ്യസ്ഥാപനത്തിൽ നിന്ന് ആ സ്ഥലത്തേയ്ക്ക് അഞ്ചു മൈൽ ദൂരമെങ്കിലും ഉണ്ടായിരിക്കണം. അതു 20,000-ൽ കുറയാതെയുള്ള ജനങ്ങൾക്കു പ്രയോജനപ്പെടണം. കഴിയുന്നിടത്തോളം മദ്ധ്യപ്രദേശത്തുതന്നെ ഡിസ്പെൻസറി സ്ഥിതി ചെയ്യണം. സ്ഥലവും, കെട്ടിടങ്ങളും, ഉപകരണങ്ങളും സൗജന്യമായി പൊതുജനങ്ങൾ കൊടുക്കുകയും വേണം.

(2) താലൂക്കുകളുടെ മുഖ്യസ്ഥാനങ്ങളിൽ താലൂക്ക് ആശുപത്രികളും, ഡിസ്ട്രിക്റ്റുകളുടെ മുഖ്യസ്ഥാനങ്ങളിൽ ഡിസ്ട്രിക്റ്റ് ആശുപത്രികളും ഉണ്ടായിരിക്കണം.

(3) രണ്ടു ആയുർവ്വേദസ്ഥാപനങ്ങൾ തമ്മിൽ തീരെ കുറഞ്ഞതു് അഞ്ചു (5) മൈൽ ദൂരവും, ഒരു ആധുനികവൈദ്യസ്ഥാപനത്തിൽ നിന്നു് തീരെ കുറഞ്ഞതു രണ്ടു മൈൽ ദൂരവും ഉണ്ടായിരിക്കണം. ആധുനികവൈദ്യസ്ഥാപനങ്ങളുടെ കാര്യത്തിലെന്നപോലെ ആയുർവ്വേദത്തിനും താലൂക്ക് ആശുപത്രികളും, ഡിസ്ട്രിക്റ്റ് ആശുപത്രികളും ഉണ്ടായിരിക്കണം.

(ബി) എല്ലാ ഡിസ്പെൻസറികളിലുമുള്ള ഉദ്യോഗസ്ഥർക്കു താമസസ്ഥലങ്ങൾ നൽകണം.

(സി) കൂടുതലായി ഏതെങ്കിലും സ്ഥാപനങ്ങൾക്കു ഗ്രാൻറ്-ഇൻ-എയിഡ് നൽകേണ്ട ആവശ്യമില്ലാത്തതും, ഈ ഗ്രാൻറ്-ഇൻ-എയിഡ് സ്ഥാപനങ്ങൾക്കു സമീപത്തു ഗവണ്മെൻറ് സിസ്പെൻസറികൾ തുറക്കുമ്പോൾ ഇപ്പോൾ നൽകിവരുന്ന ഗ്രാൻറ് ക്രമേണ നിറുത്തൽ ചെയ്യാവുന്നതുമാണ്.

(ഡി) മെഡിക്കൽ ആഫീസർമാർ, മിഡ്വൈഫുകൾ, കമ്പൗണ്ടർമാർ, നഴ്സുകൾ ഇവരുടെ നിലവിലുള്ള സംഖ്യയുടെ ഏഴു ശതമാനം വച്ചു ലീവ് റിസർവ്വ് കൂടുതലായി അനുവദിക്കേണ്ടതാണ്.

(ഇ) മെഡിക്കൽ ആഫീസർമാർക്ക് ഉയർന്ന ശമ്പളം നൽകുന്നതും, പ്രൈവറ്റ് പ്രാക്റ്റീസ് തടയേണ്ടതുമാണ്.

(എഫ്) ആധുനികവൈദ്യസ്ഥാപനങ്ങളിൽ ഇൻപേഷ്യൻറുകളായി ചികിത്സയിലിരിക്കുന്ന സമ്പന്നരായ രോഗികളിൽനിന്നും ഉയർന്ന നിരക്കിൽ ഫീസ് ഈടാക്കണം.

(ജി) പരീക്ഷാമാത്രയുള്ള ചികിത്സകരുടെ ഇപ്പോഴത്തെ ദൌർല്ലഭ്യം കാരണം ഗവണ്മെൻറ്വക ആധുനിക ആശുപത്രികളിൽ ആണ്ടിൽ മെഡിക്കൽ ആഫീസർമാരെ നിയമിക്കാവുന്നതാണ്.

(എച്ച്) (I) മെഡിക്കൽ ഡിപ്പാർട്ടുമെൻറിൽ മരുന്നുകൾ വാങ്ങുന്നതിനുള്ള ബഡ്ജറ്റ് തുക ചികിത്സിക്കുന്ന ഓരോ രോഗിക്കും I രൂപ നിരക്കിൽ കണക്കാക്കേണ്ടതാണ്. (അതായതു്, കഴിഞ്ഞ വർഷത്തിൽ ചികിത്സിച്ച രോഗികളുടെ തുക എണ്ണത്തിനു തുല്യമായി).

LIBRARY ARCHIVES Kerala Legislative Assembly

(2) എല്ലാ ഡിസ്പെൻസറികളുടേയും തലസ്ഥാനങ്ങളിൽ ഡിസ്പെൻസറി മെഡിക്കൽസ്റ്റോർ തുറക്കേണ്ടതാണ്.

(ഐ) ഓരോ പഞ്ചായത്തിലും ഒരു പ്രസവകേന്ദ്രം ഉണ്ടായിരിക്കണം.

(ജെ) മുന്നു ക്ഷയരോഗ ആശുപത്രികൾകൂടി തുറക്കേണ്ടതാണ്. വലിയ വ്യവസായകേന്ദ്രങ്ങളുടെ സമീപം കൂടുതൽ ക്ലിനിക്കുകൾ തുറക്കണം.

(കെ) ആശുപത്രികളിലും ഡിസ്പെൻസറികളിലും പ്രത്യേകവിഭാഗങ്ങളിലായി കുഷ്ഠരോഗ ക്ലിനിക്കുകൾ സ്ഥാപിക്കാവുന്നതാണ്.

(എൽ) പേപ്പട്ടികടിക്കുള്ള ചികിത്സ എല്ലാ ആധുനികചികിത്സാലയങ്ങളിലും ലഭ്യമാക്കുന്നതാണ്.

(എം) താലൂക്കുകളിലെ ആധുനികചികിത്സാലയങ്ങൾ സെക്കന്ററി ആരോഗ്യകേന്ദ്രമായും, ഡിസ്പെൻസറികൾ പ്രൈമറിഹെൽത്ത് യൂണിറ്റുകളായും ക്രമേണ രൂപാന്തരപ്പെടുത്തുന്നതിനു സാദ്ധ്യമാകത്തക്കവണ്ണം ആവശ്യമുള്ളത്ര ഹെൽത്ത് ഉദ്യോഗസ്ഥന്മാരെ പരിശീലിപ്പിച്ചെടുക്കേണ്ടതാണ്.

(എൻ) എല്ലാ ആശുപത്രികൾക്കും, ഡിസ്പെൻസറികൾക്കും ടെലഫോൺ കണക്ഷൻ കൊടുക്കണം.

(3) നല്ല വില്ലേജുറോഡുകൾ ഉണ്ടാക്കണം.

(4) അസിസ്റ്റൻറ് സർജന്മാരായി നിയമിക്കപ്പെടുന്നതിനുള്ള എല്ലാ ഉദ്യോഗാർത്ഥികളും ഏതെങ്കിലും പ്രധാന ആശുപത്രികളിൽ ഒരു വർഷത്തെ ഹൗസ് സർജൻസി പരിശീലിക്കേണ്ടതാകുന്നു. ഗ്രാമപ്രദേശങ്ങളിൽ നിയമിക്കപ്പെടുന്നതിനു മുമ്പായി ഒരു പ്രധാന ആശുപത്രിയിൽ പിന്നീടവർ 3 വർഷക്കാലം ജോലി നോക്കുകയും വേണം.

(5) ആശുപത്രികളിലും ഡിസ്പെൻസറികളിലും കിടക്കുന്ന രോഗികൾ അവരവരുടെ ശരിയായ വരുമാനം അറിയിക്കേണ്ടതാണ്. സംശയമുള്ള കാര്യങ്ങളിൽ റവന്യൂഡിപ്പാർട്ടുമെൻറ് മുതലായതു മുഖേന ഇതിനെപ്പറ്റി അന്വേഷണം നടത്താവുന്നതാണ്. ഇതു നിയമനിർമ്മാണം മുഖേന നടപ്പിൽ വരുത്തണം.

(6) ഗസറ്റഡ് പദവിയിലുള്ള സാധാരണ സെക്രട്ടറിമാരെ പ്രധാന ആശുപത്രികളിൽ നിയമിക്കേണ്ടതാണ്

———

LIBRARY ARCHIVES Kerala Legislative Assembly